| | |
|---|---|
| നമ്പർ. സി1/220/റ്റി.സി./2020 | മോട്ടോർ വാഹന വകുപ്പ് , കേരളം<br>ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം<br>തീയതി: 31-12-2020 |

**സർക്കുലർ നമ്പർ:19/2020**

വിഷയം:- **മോട്ടോർവാഹന വകുപ്പ്** - ഡ്രൈവിംഗ് ലൈസൻസ് സംബന്ധമായ സേവനങ്ങൾക്ക് - സർക്കാർ സേവനങ്ങൾ നടപടിക്രമം ലഘൂകരിക്കുക (Ease of Doing Govt. Business) എന്ന സർക്കാർ നയത്തിന്റെ ഭാഗമായി നടപ്പിൽ വരുത്തുന്ന പരിഷ്കാരങ്ങൾ – സംബന്ധിച്ച്.

സൂചന:-
1. 12.08.2020 3.00 pm – ന് ഫിനാൻസ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽചേർന്ന യോഗ തീരുമാനങ്ങൾ.
2. സർക്കുലർ നമ്പർ 14/2020.

സൂചന പ്രകാരം ചേർന്ന യോഗത്തിൽ സർക്കാർ സേവനങ്ങളുടെ നടപടി ക്രമങ്ങൾ പരമാവധി ലഘൂകരിക്കുവാനും അപേക്ഷകരെ ഓഫീസിൽ ഹാജരാകുന്നതിൽ നിന്നും ഒഴിവാക്കി പൂർണമായും ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കണമെന്നും തീരുമാനിച്ചിരുന്നു. സർക്കാരിന്റെ Ease of Doing Government Business നയത്തിന്റെ ഭാഗമായി ഏതാനും സേവനങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാകുന്ന തരത്തിൽ സർക്കുലർ 14/2020 പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി , ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ച ചുവടെ ചേർക്കുന്ന സേവനങ്ങൾ കൂടി പൂർണ്ണമായും ഓൺലൈൻ മുഖാന്തിരം നൽകുവാൻ തീരുമാനിക്കുന്നു.

1. ഡ്രൈവിംഗ് ലൈസൻസിനൊപ്പം മറ്റൊരു ക്ലാസ്സ് കൂട്ടിച്ചേർക്കുന്നതിന് വേണ്ടി ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ചതിനു ശേഷം മെഡിക്കൽ സർട്ടിഫിക്കറ്റുകൾ, ഡ്രൈവിംഗ് ലൈസൻസ്, എന്നിവ അപ്‌ലോഡ് ചെയ്യേണ്ടതും ഫീസ് ഓൺലൈൻ ആയി ഒടുക്കേണ്ടതുമാണ്. ഇത്തരത്തിൽ ഓൺലൈൻ ആയി സമർപ്പിക്കപെട്ട അപേക്ഷയും അതിനൊപ്പം അപ്‌ലോഡ് ചെയ്തിരിക്കുന്ന സർട്ടിഫിക്കറ്റുകളും ഓഫീസിൽ ലഭ്യമാകുന്ന മുറയ്ക്ക് താമസം വിനാ പരിശോധിച്ച് ലേണേഴ്സ് ലൈസൻസ് അംഗീകരിച്ച് നൽകുന്ന പുതിയ രീതി നടപ്പിൽ വരുത്തുന്നു. ഇതിനായി പേപ്പറിൽ ഉള്ള അപേക്ഷയോ സർട്ടിഫിക്കറ്റുകളോ ഹാജരാക്കേണ്ടതോ അപേക്ഷകൻ ഓഫീസിൽ

ഹാജരാകേണ്ടതോ ആയ ആവശ്യം ഇല്ല. ലേർണേഴ്സ് ലൈസൻസ് ഓൺലൈൻ മുഖാന്തിരം അപേക്ഷകന് തന്നെ ഡൌൺലോഡ് ചെയ്യാവുന്നതാണ്.

2. ഡ്രൈവിംഗ് ലൈസൻസ് പുതുക്കുക, ലൈസൻസുകളുടെ മേൽവിലാസം മാറ്റുക തുടങ്ങിയ സേവനങ്ങൾക്ക് ഓൺലൈൻഅപേക്ഷയുടെയും അതോടൊപ്പം അപ്‌ലോഡ് ചെയ്യപ്പെടുന്ന ആവശ്യമായ സർട്ടിഫിക്കറ്റുകളുടെയും അടിസ്ഥാനത്തിൽ ഓൺലൈൻ ആയി തന്നെ നടപടികൾ സ്വീകരിച്ച് അംഗീകരിക്കേണ്ടതാണ്.
3. അന്യ സംസ്ഥാനത്ത് നിന്ന് അഡ്രസ്സ് മാറ്റത്തിനായി വരുന്ന ലൈസൻസുകൾക്ക് സർക്കുലർ 14/2020 ൽപ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
4. ഡ്രൈവിംഗ് ലൈസൻസുകളുടെ ഡിജിറ്റൽ രേഖകൾ സാരഥി വെബ്സൈറ്റിലും, എംപരിവാഹൻ, ഡിജിലോക്കർതുടങ്ങി മൊബൈൽ ആപ്ലിക്കേഷനുകളിലും ലഭ്യമാണെന്നിരിക്കേ ഡ്യൂപ്ലിക്കേറ്റ് ഡ്രൈവിംഗ് ലൈസൻസുകൾക്കുള്ള അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിനായി പേഴ്സണൽ ഹിയറിംഗിന്റെ സാംഗത്യം ഉള്ളതായി കാണുന്നില്ല . ഈ സാഹചര്യത്തിൽഡ്യൂപ്ലിക്കേറ്റ് ഡ്രൈവിംഗ് ലൈസൻസിന് പേഴ്സണൽ ഹീയറിംഗ് എന്നുള്ള നടപടിക്രമം ഒഴിവാക്കുന്നു.
5. അന്യരാജ്യങ്ങളിൽതൊഴിൽ സംബന്ധമായി താമസമാക്കിയ നമ്മുടെ സംസ്ഥാനത്തെ ഇന്ത്യൻപൌരന്മാർക്ക് ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനായോ, ലേണേഴ്സ് ലൈസൻസിന് അപേക്ഷിക്കുന്നതിനായോ Form 1A, കാഴ്ച പരിശോധനാ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഹാജരാക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി നിരവധി പരാതികൾലഭിക്കുന്നുണ്ട്. അന്യരാജ്യങ്ങളിൽതാമസിക്കുന്നവർക്ക് അതത് രാജ്യത്ത് തൊഴിൽ ചെയ്യുന്ന ഇന്ത്യൻ ഡോക്ടറോ അല്ലെങ്കിൽ ഇന്ത്യൻ ഹൈക്കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഡോക്ടറോ ഇംഗ്ലീഷിൽ നൽകുന്നതോ അല്ലെങ്കിൽ ഇംഗ്ലീഷിലേക്ക് തർജ്ജിമ ചെയ്തതോ ആയ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യാവുന്നതും ആയത് സ്വീകരിക്കാവുന്നതുമാണ്.
6. ഡീ-ഡ്യൂപ്ലിക്കേഷൻപോലുള്ള സേവനങ്ങൾക്ക് ഇ -മെയിൽമുഖേന ലഭ്യമാകുന്ന അപേക്ഷകൾ സ്വീകരിച്ച് ഉടനടി തീർപ്പുകല്പിക്കേണ്ടതാണ്.
7. ഓൺലൈൻ ആയി ലഭിക്കുന്ന മേൽപറഞ്ഞ സേവനങ്ങൾക്കുള്ള അപേക്ഷകൾ ഫസ്റ്റ് കം ഫസ്റ്റ് സർവ്വ് അടിസ്ഥാനത്തിൽ തീരുമാനം കൈകൊണ്ട് നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. അടിയന്തര ഘട്ടങ്ങളിൽഓഫീസ് മേലധികാരിക്ക്

വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്തി പ്രത്യേക മുൻഗണന നൽകുവാൻ അധികാരമുണ്ടായിരിക്കും. ഇങ്ങനെ മുൻഗണന നൽകുന്ന അപേക്ഷകളുടെ വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും പരിശോധനക്കു വിധേയമാക്കേണ്ടതുമാണ്

8. ഖണ്ഡിക 1,2,5 - കളിൽ പ്രതിപാദിക്കുന്ന സേവനങ്ങൾക്കായി ഡ്രൈവിംഗ് ലൈസൻസ് ഒറിജിനൽ ഹാജരാക്കേണ്ടതില്ല. അത് ഡ്രൈവിംഗ് ലൈസൻസ് ഉടമ തന്നെ സൂക്ഷിച്ചു വച്ചാൽ മതിയാകും. യാതൊരു കാരണവശാലും അപേക്ഷകരെ ഇത്തരം സേവനങ്ങൾക്കായി ഓഫീസിൽ ഹാജരാകുവാൻ നിർബന്ധിക്കുവാൻ പാടുള്ളതല്ല. എന്നിരുന്നാലും ഒരു ലൈസൻസിംഗ് അതോറിറ്റിക്ക്/അഡീഷണൽലൈസൻസിംഗ് അതോറിറ്റിക്ക് ഇത്തരത്തിലുള്ള അപേക്ഷകളിന്മേൽ ഏതെങ്കിലും തരത്തിലുള്ള സംശയം ഉടലെടുക്കുന്ന പക്ഷം അപേക്ഷകനെ പേഴ്സണൽ ഹീയറിംഗിന് ഹാജരാകുവാൻആവശ്യപ്പെടാവുന്നതാണ്.

9. അതുപോലെ നടപടിക്രമങ്ങൾ പൂർത്തിയായി പ്രിന്റ് ചെയ്ത ലൈസൻസുകൾ അയക്കുവാൻ വേണ്ടി മേൽവിലാസമെഴുതി സ്റ്റാമ്പ് ഒട്ടിച്ച കവർ ഹാജരാക്കേണ്ടതുമില്ല. ഇതിനായി പകരം സംവിധാനം ഏർപ്പെടുത്തുന്നതാണ്.

10. ഈ സർക്കുലറിൽ പ്രതിപാദിക്കുന്ന ചില നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനായി സാരഥി സോഫ്റ്റ്‌വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാനുണ്ട്. ആയതിനാൽഈ സർക്കുലർ 2021 ജനുവരി മാസം 1–)0 തീയതി മുതൽ പ്രാബല്യത്തിൽവരുന്നതായിരിക്കും.

#ApprovedByName#
#ApprovedByDesignation#

M.R. AJITHKUMAR IPS
ADGP & TRANSPORT COMMISSIONER
KERALA